# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 489

26.04.2017 ൽ മറുപടിക്ക്

## വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. എ.പി. അനിൽ കുമാർ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ ചെറുകിട-ഇടത്തര സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന സംരംഭകത്വ സഹായപദ്ധതി നടപ്പിലാക്കി വരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട ഈ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% വും വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ സംരംഭങ്ങൾക്കും യുവസംരംഭങ്ങൾക്കും സ്ഥിര മൂലധനനിക്ഷേപത്തിന്റെ 20 % വും സാമ്പത്തിക സഹായം നൽകുന്നു. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ വ്യവസായ വകുപ്പ് മുഖേന ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ്മീറ്റ് , സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | കെ-ബിപ്പ് മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികൾക്ക് വിപണി ലഭ്യമാക്കുന്നതിനായി ബി ടു ബി മീറ്റുകൾ, ദേശീയ അന്തർദേശീയ മേളകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.<br><br>സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കിൻഫ്ര 22 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നവീകരണം നടപ്പിലാക്കാനാവശ്യമായ പഠനറിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് സംരംഭം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ എസ് ഐ ഡി സി യെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വ്യവസായം, തൊഴിൽ എന്നീ രംഗത്തുള്ള അനാരോഗ്യപരമായ കാര്യങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ; | (ബി) | ഈ മേഖലകളിലെ അനാരോഗ്യപരമായ കാര്യങ്ങൾ തൊഴിൽവകുപ്പിന്റെ സഹായത്തോടുകൂടി വ്യവസായ സംരംഭകരും തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തു പരിഹരിച്ചുവരുന്നു. |
| (സി) | ഈ രംഗത്തെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ ഏരിയകളിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായ ഏരിയ / പ്ലോട്ടുകളിലായി ബഹുനില എസ്റ്റേറ്റുകളുടെ നിർമ്മാണത്തിനായി 82.79 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ആഭ്യന്തര റോഡുകളുടെ റിപ്പയറിനും മെയിന്റനൻസിനുമായി 33.81 കോടിയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വ്യവസായ വികസന പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4.05 കോടി രൂപയും തൃശ്ശൂർ |

| | | | |
|---|---|---|---|
| | | | ജില്ലയിലെ വരവൂരിലെ 8.55 ഏക്കർ സ്ഥലത്തെ രണ്ടാംഘട്ട പ്രവർത്തനത്തിന് 3.32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കെ എസ് ഐ ഡി സി യുടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടുകൂടി 125 കോടി രൂപ മുടക്കിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 25 കോടി രൂപയോളം വിനിയോഗിച്ചുകഴിഞ്ഞു.<br>കെ എസ് ഐ ഡി സി യുടെ കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഫാക്ടറി മൊഡ്യൂളുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 60000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ഏകദേശം 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ 6.5 കോടി രൂപ ചെലവിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും നടക്കുന്നു. ഇതുകൂടാതെ 32 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കെ. എസ്. ഐ. ഡി.സി. യുടെ പാലക്കാട് വ്യവസായ പാർക്കിൽ 16.5 കോടി രൂപ ചെലവിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിന്റെ നിർമ്മാണം ഫെബ്രുവരി 2017 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ രണ്ടാമത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പണിയുന്നതിന് സർക്കാർ ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്.<br>കെ. എസ്. ഐ. ഡി.സി. യുടെ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യവസായികൾക്ക് ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 13 കോടി രൂപ ചെലവിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതു കൂടാതെ, വനിതാജീവനക്കാർക്കുവേണ്ടി 9 കോടി രൂപാ ചെലവിൽ ഒരു വിമെൻസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.<br>തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് ജലം , വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ വിവിധ ജോലികൾ നടന്നു കൊണ്ടിരിക്കുന്നു.<br>വനിതാ വ്യവസായ സംരംഭകർക്കുവേണ്ടി അങ്കമാലിയിൽ 42000 സ്ക്വയർ ഫീറ്റ് അപ്പാരൽ പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**